**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4081** **09-08-2021 - ൽ മറുപടിയ്ക്ക്**

**നെക്രംപാറ-അർളടുക്ക-പൂണ്ടൂർ-നാരമ്പാടി-ഏത്തടുക്ക റോഡ് നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എൻ എ നെല്ലിക്കുന്ന് | | **Shri P. A. Mohamed Riyas**<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | കാസർകോട് നിയോജക മണ്ഡലത്തിലെ നെക്രംപാറ- അർളടുക്ക-പൂണ്ടൂർ-നാരമ്പാടി-ഏത്തടുക്ക റോഡിന് തത്വത്തിലുള്ള ഭരണാനുമതി ലഭിച്ചത് എപ്പോഴാണെന്നും തുക എത്രയാണെന്നും വ്യക്തമാക്കാമോ; | (എ) | 10.07.2017-ലെ സ.ഉ(സാധാ)നം.942/2017/ പൊ.മ.വ പ്രകാരം 15 കോടി രൂപയുടെ തത്വത്തിലുള്ള അനുമതി നൽകി. പ്രസ്തുത ഉത്തരവ് 12.02.2021-ലെ സ.ഉ(സാധാ)നം.188/2021/ പൊ.മ.വ പ്രകാരം റീവാലിഡേറ്റ് ചെയ്യുകയുണ്ടായി. |
| (ബി) | പ്രസ്തുത റോഡിന് കിഫ്ബിയുടെ സാമ്പത്തികാനുമതി ലഭിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ; എങ്കിൽ വിശദാംശം നൽകാമോ; | (ബി) | സാമ്പത്തികാനുമതി ലഭിച്ചിട്ടില്ല. |
| (സി) | കിഫ്ബിയുടെ സാമ്പത്തികാനുമതി ലഭ്യമായിട്ടില്ലെങ്കിൽ അതിനുള്ള കാരണമെന്താണെന്നും അനുമതി എപ്പോൾ ലഭിക്കുമെന്നും വ്യക്തമാക്കാമോ; | (സി) | പ്രവൃത്തിയുടെ വിശദമായ പദ്ധതി രേഖ കിഫ്ബിയിൽ സമർപ്പിക്കുകയും ആയതിന് കിഫ്ബി നൽകിയ ടെക്നിക്കൽ അപ്രൈസൽ റിപ്പോർട്ടിന്റെ മറുപടി കിഫ്ബിക്ക് സമർപ്പിക്കേണ്ടതുണ്ട്. അത് കിഫ്ബിയിൽ സമർപ്പിച്ച് സാമ്പത്തികാനുമതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ഡി) | കിഫ്ബിയിൽ പ്രഖ്യാപിച്ച ഈ റോഡ് കിഫ്ബിയിൽ തന്നെ ഉൾപ്പെടുത്തി പൂർത്തിയാക്കാനാണോ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ; ഇല്ലെങ്കിൽ ഏത് പദ്ധതിയിൽ ഉൾപ്പെടുത്തി പ്രവൃത്തി ചെയ്യാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (ഡി) | കിഫ്ബിയിൽ തന്നെ ഉൾപ്പെടുത്തി പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത്. |
| (ഇ) | ഈ റോഡിന്റെ പ്രവൃത്തിക്ക് ഭരണാനുമതിയും സാങ്കേതികാനുമതിയും എപ്പോൾ നൽകാൻ കഴിയുമെന്ന് വ്യക്തമാക്കാമോ? | (ഇ) | കിഫ്ബിയിൽ നിന്ന് സാമ്പത്തികാനുമതി ലഭിക്കുന്ന മുറയ്ക്ക് സാങ്കേതികാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ